നം കെ എസ് എ.കെ.ടി.എം. പി7/1685/2016 തീയതി: 3.11.16

# കോട്ടയം ജില്ലയിലെ കൊഴുവനാൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം -വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കൊഴുവനാൽ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 26.2.16 മുതൽ 30.9.16 വരെയുള്ള കാലയളവിൽ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചു. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)**ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.വർഗീസ് ജോസഫ്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 14.10.2016-22.10.2016 |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. സാബു സി. ജോർജ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)<br>ശ്രീ. മുസ്സിൻ ഫൈസൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി സുനിത എം.എസ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ. ശിവരാജ് പി., ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

പ്രസിഡണ്ട്

ശ്രീമതി.മേരിക്കുട്ടി ജോർജ്ജ് 01.4.15. മുതൽ 31.10.15വരെ

അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി 1.11.15 മുതൽ 18.11.15വരെ

ശ്രീ.ജോസ്മോൻ മുണ്ടയ്ക്കൽ 19.11.15 മുതൽ 31.3.16 വരെ

സെക്രട്ടറി

ശ്രീ.കെ.കെ.ജോസഫ് 1.4.15 മുതൽ 31.5.15 വരെ

ശ്രീ. സുരേഷ് സാമുവൽ 1.6.15 മുതൽ 27.7.15 വരെ

ശ്രീ.ലിജോ ജോബ് 28.7.15 മുതൽ 31.3.16 വരെ

മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.എൻജിനീയർ | ശ്രീ.നടരാജ സുന്ദരം | 1.4.15 മുതൽ 26.12.15 വരെ |
| | തമ്പി.കെ | 27.12.15 മുതൽ 4.1.16 വരെ |
| | ശ്രീമതി.റെജി മോൾ | 5.1.16 മുതൽ 31.3.16 വരെ |

| | | |
|---|---|---|
| വി.ഇ.ഒ.- | ശ്രീ.കപിൽ.കെ.എ | 1.4.15 മുതൽ 31.3.16 വരെ |
| കൃഷി ഓഫീസർ | ശ്രീ.ബാബുരാജ്.ജി | 1.4.15 മുതൽ 31.3.16 വരെ |
| എം.ഒ.,പി.എച്ച്.സി | ഡോ.സുരേഷ്.കെ.ജി | 1.4.15 മുതൽ 17.11.15 വരെ |
| | ഡോ.വിനിത.റ്റി.എസ് | 18.11.15 മുതൽ 31.3.16 വരെ |
| എം.ഒ.ഹോമിയോ | ഡോ.കെ.ബി.സുമ | 1.4.15 മുതൽ 31.3.16 വരെ |
| എം.ഒ.,ആയുർവേദം | ഡോ.ദീപ | 1.4.15 മുതൽ 31.3.16 വരെ |
| വെറ്റിനറി സർജൻ | ഡോ.കിരൺ | 1.4.15 മുതൽ 31.3.16 വരെ |
| എച്ച്.എം | ഡി.രാജി | 1.4.15 മുതൽ 31.3.16 വരെ |
| ഡി.എഫ്.ഐ | ജോണി ജോസഫ് | 1.4.15 മുതൽ 31.3.16 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ശശികല .കെ.ആർ | 1.4.15 മുതൽ 31.3.16 വരെ |

ഉള്ളടക്കം


| ഭാഗം **1** പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|
| ബജറ്റ് | 1-1 |
| വാർഷിക ധനകാര്യപത്രിക | 1-2 |
| വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| സാമ്പത്തിക വിശകലനം | 1-4 |
| ഫണ്ട് വിനിയോഗം | 1-5 |
| പദ്ധതി അവലോകനം | 1-6 |
| തനത് വരുമാനം | 1-7 |
| സാമൂഹ്യക്ഷേമപദ്ധതികൾ മുഖേനയുളള നിർവഹണത്തിലെ കാര്യപ്രാപ്തി | 1-8 |
| ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| അനുബന്ധ പത്രികകൾ | 1-11 |
| ഭാഗം **2** വരവുകണക്കുകൾ | |
| ബജറ്റ് നടപടിക്രമങ്ങൾ പാലിക്കുന്നില്ല | 2-1 |

| | |
|---|---|
| വാർഷികധനകാര്യപത്രികയിലെ അപാകതകൾ | 2-2 |
| ബാങ്ക് അക്കൗണ്ടിന്റെ വിശദാംശങ്ങൾ ലഭ്യമല്ല | 2-3 |
| വാണിജ്യാവശ്യത്തിനുള്ള കെട്ടിടം- പല ഭാഗങ്ങളായി തിരിച്ച് നികുതി നിർണയിച്ചതുമൂലം നികുതിയിനത്തിൽ നഷ്ടം | 2-4 |
| കെട്ടിടനിർമാണവിപുലീകരണത്തിനുള്ള പെർമിറ്റ്- വിശദവിവരങ്ങൾ ലഭ്യമായിട്ടില്ല | 2-5 |
| സ്വകാര്യപണമിടപാട് സ്ഥാപനങ്ങൾ തൊഴിൽനികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല | 2-6 |
| വാടക സെക്യൂരിറ്റി നിക്ഷേപം- കണക്കുകളിൽ അവ്യക്തത | 2-7 |
| ഡി & ഒ ട്രേഡ് ലൈസൻസ് നൽകുന്നതിലെ പൊതുഅപാകതകൾ | 2-8 |
| സ്വകാര്യആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നില്ല. | 2-9 |
| ഭാഗം **3** ചെലവുകണക്കുകൾ | |
| ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് ഒടുക്കൽ / പൊതുടാപ്പുകളുടെ വാട്ടർ ചാർജ് ഒടുക്കൽ അപാകതകൾ | 3-1 |
| രജിസ്റ്ററുകളുടെയും ഫോറങ്ങളുടെയും വാങ്ങൽ– ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ അധികമായി ഒടുക്കിയ തുക | 3-2 |
| ശുചിത്വമിഷൻ ഗ്രാന്റ്- മുൻവർഷം ലഭിച്ച തുക വിനിയോഗിക്കുന്നതിൽ വീഴ്ച | 3-3 |
| ടാറിന്റെ നിരക്ക് കമ്പോളവിലയിൽ നിജപ്പെടുത്തിയിട്ടില്ല | 3-4 |
| കന്നുകുട്ടി പരിപാലനം- കാലിത്തീറ്റ വിതരണം ആരംഭിച്ചിട്ടില്ല | 3-5 |
| കന്നുകുട്ടി പരിപാലനപദ്ധതി- ഫീഡ് വിതരണം കൃത്യമായി നടക്കുന്നില്ല | 3-6 |
| പ്രൊഫഷണൽ കോളജുകളിൽ പഠിക്കുന്ന എസ്.സി. , എസ്.ടി. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങൽ– അപാകത | 3-7 |
| മഴക്കാലപൂർവശുചീകരണം- ശുചിത്വമിഷൻ ഗ്രാന്റിന്റെ വിശദമായ വിനിയോഗവിവരം ലഭ്യമല്ല | 3-8 |
| ക്ഷേമപെൻഷൻ– ഗുണഭോക്താക്കൾ ജീവിച്ചിരിക്കുന്നത് സംബന്ധിച്ച വാർഷികപരിശോധന നടത്തുന്നതിൽ വീഴ്ച | 3-9 |
| ആശ്രയ പദ്ധതി- ഒന്നാം ഘട്ട പ്രോജക്ട് ഫലപ്രദമായി നടപ്പാക്കിയില്ല | 3-10 |
| ഭാഗം **4** പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |

| | |
|---|---|
| സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| ഓഡിറ്റ് റിക്കവറി | 4-6 |
| സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| 2015-16 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത്) |
|---|---|
| 1 /20.3.15 | - |

ബജറ്റ് വിശകലനം സംബന്ധിച്ച വിവരങ്ങൾ ഖണ്ഡിക 2-1ൽ ഉൾപ്പെടുത്തിയിട്ടുണ്ട്

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 31.7.16 |

ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1-ആസ്തി/ബാധ്യതകളുടെ മൂല്യ നിർണ്ണയ പ്രക്രിയ പൂർത്തിയായിട്ടില്ലാത്തതിനാൽ കണക്കാക്കപ്പെട്ട ജനറൽ ഫണ്ട് പൊസിഷൻ (31-3-16 പ്രകാരമുള്ളത് ) അന്തിമമല്ല. തേയ്മാന ചെലവ് (Depreciation) സംബന്ധമായ തൻവർഷ പ്രൊവിഷന്റെയും ആകെ തുകയുടേയും(Accumulated Provision) കൃത്യത വ്യക്തമല്ല.

2-വസ്തു നികുതിയുടെ കൃത്യമായ ഡിമാന്റ് തുക നിർണ്ണയിക്കപ്പെടാത്തതിനാൽ വർഷാരംഭത്തിൽ നടത്തുന്ന അക്രൂവൽ എൻട്രിയുടെ കൃത്യത വ്യക്തമല്ല.

3-വാടകകുത്തകക്കാരിൽ നിന്നും ഈടാക്കിയിട്ടുള്ള ജാമ്യ നിക്ഷേപ മിനത്തിലുള്ള ബാധ്യതാകണക്കുകൾ ശരിയായ രീതിയിൽ കണക്കാക്കിയിട്ടില്ല. ഇത് സംബന്ധമായ രജിസ്റ്റർ പ്രകാരമുള്ള കണക്കുകളും ധനകാര്യ പത്രിക പ്രകാരമുള്ള കണക്കുകളും പൊരുത്തപ്പെടുന്നില്ല.

4-കോട്ടയം ജില്ലാ സഹകരണ ബാങ്ക് അക്കൗണ്ട് ബാലൻസ് ആകെയുള്ള നീക്കിയിരിപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത അക്കൗണ്ടിൽ കൂടി ഇടപാടുകൾ നടക്കുന്നില്ല. അവശേഷിക്കുന്ന ഫണ്ട് ഏതിനത്തിലുള്ളതാണെന്ന് വ്യക്തമല്ല.

5-പഞ്ചായത്തിലെ തനത് ഫണ്ട് അക്കൗണ്ടിന്റെ റെക്കൺസിലിയേഷനിൽ 31-3-16 പ്രകാരം കളക്ഷനായ രണ്ട് ചെക്കുകൾ തെറ്റായി ക്രഡിറ്റിൽ വരാനുള്ളതായി കാണിച്ചിരുന്നു.

(ഓഡിറ്റ് വേളയിൽ റിവേഴ്സ് എൻട്രിയിലൂടെ പരിഹരിച്ചു)

മേൽ അപാകതകൾ മുൻനിർത്തി വിശേഷണങ്ങളോട് കൂടിയ ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്

## 1-4 സാമ്പത്തിക വിശകലനം

മുൻബാക്കി - 8436798.90

വരവ് - 28940652

ആകെ - 37377450.90

ചെലവ് - 34544793

നീക്കിബാക്കി- 2832657.90

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കിബാക്കി (RP 40 b പ്രകാരം) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 689900 | 1331590 | 2021490 | 6054294 (819276രൂപ ട്രഷറി തിരിച്ചെ ടുത്തത് ഉൾപ്പടെ) | 4032804 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 692866 | 1429800 | 2122666 | 1429800 | 692866 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 26000 | 0 | 26000 | o | 26000 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 574779 | 10407518 | 10982297 | 10982297 | - | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 85266 | 1676723 | 1761989 | 1761989 | - | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 1082176 | 2624946 | 3707122 | 2736190 | 970932 | 0 |
| ലോക ബാങ്ക് സഹായം | 2350906 | 2028740 | 4379646 | 2036640 | 2343006 | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 175 | 112 | - | 63 | 64 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 33 | 24 | 4341249/- | 3797495/- | 87.47 |
| അസി. എ ഞ്ചിനീയർ | 112 | 65 | 17043207/- | 15409466/- | 90.41 |
| കൃഷി ഓഫീസർ | 2 | 2 | 120054/- | 60554/- | 46.56 |
| വെറ്റി.സർജൻ | 2 | 2 | 1280000/- | 380000/- | 29.68 |
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി.) | 2 | 2 | 259367/- | 186387/- | 71.86 |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | 1 | 1 | 75000/- | 75000/- | 100 |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | 1 | 1 | 300000/- | 300000/- | 100 |
| വി.ഇ.ഒ | 13 | 8 | 6273094/- | 2040000/- | 32.51 |
| ഐ.സി.ഡി. എസ്.സൂപ്പർ വൈസർ | 4 | 4 | 1579500/- | 1412400/- | 89.42 |
| ഹെഡ്മാസ്റ്റർ ഗവ.എൽ.പി.എസ് | 4 | 2 | 840000/- | 650800/- | 77.47 |
| ഡയറി ഫാം. ഇൻസ്ട്രക്ടർ | 1 | 1 | 50016/- | 50016/- | 100 |

പന്ത്രണ്ടാം പദ്ധതി മാർഗരേഖപ്രകാരം ഉൽപാദനമേഖലയുടെ സ്ഥായിയാ യ വളർച്ചക്കായിരിക്കണം മുൻഗണന നൽകേണ്ടതെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത മേഖലയിൽ ആവിഷ്കരിച്ച് നടപ്പാക്കിയപദ്ധതികൾ നാമമാത്രമായിരുന്നു. കാർഷിക മേഖലക്ക് പ്രാധാന്യമുള്ള ഗ്രാമപഞ്ചായത്തിൽ ഉല്പാദനമേഖലയിൽ കൂടുതൽ പദ്ധതികൾ നടപ്പാക്കുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതാണ്. അസി.എഞ്ചിനീയർ നടപ്പാക്കിയ പദ്ധതികളിൽ ഭൂരിഭാഗവും റോഡ് കോൺക്രീറ്റ് വേലകളായിരുന്നു.പുതിയ കെട്ടിട നിർമ്മാണപദ്ധതികളൊന്നും തൻവർഷം നടത്തിയിട്ടില്ല.വി.ഇ.ഒ നിർവ്വഹണം നടത്തിയ ആശ്രയ പദ്ധതി ഫലപ്രാപ്തിയിലെത്തിക്കാൻ സാധിച്ചിട്ടില്ല.മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) നടപ്പാക്കിയ പാലിയേറ്റീവ് പരിചരണ പദ്ധതി ,ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പാക്കിയ മാനസിക,ശാരീരികവെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് എന്നീപദ്ധതികൾ വിജയകരമായി നടപ്പാക്കിയിട്ടുണ്ട്.

## 1-7 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2026980 | 2457882 | 430902 | 21.25% കൂടുതൽ |
| നികുതിയേതര വരവുകൾ | 518421 | 305197 | -213224 | 41.12% കുറവ് |
| മറ്റ് വരവുകൾ (ഇനം തിരിച്ച്) | 3833652 | 4058357 | +224705 | 5.8% കൂടുതൽ |
| ആകെ | 6379053 | 6821436 | +442383 | 6.9% കൂടുതൽ |

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ ധനകാര്യപത്രികകൾ പ്രകാരം തനതുവരുമാനത്തിൽ മേൽവിവരിച്ച പ്രകാരമുള്ള ഏറ്റക്കുറച്ചിലുകൾ ഉണ്ടായിട്ടുണ്ട്. എന്നാൽ കുടിശിക ഡിമാന്റ് സംബന്ധിച്ച കൃത്യമായ കണക്കുകളുടെ അഭാവത്തിലും

വിവിധ വരുമാന സ്രോതസ്സുകളിൽ വർഷാവർഷം ഉണ്ടാകാവുന്ന കുറവ്/ കൂടുതൽ സംബന്ധിച്ച വിവരങ്ങൾ അപഗ്രഥിക്കാൻ സാധിക്കാത്തതിനാലും മേൽ വിവരിച്ച ശതമാനകണക്കുകളുടെ കൃത്യത പൂർണമായി പരിശോധിച്ച് ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

<u>ആഭ്യന്തര നിയന്ത്രണ സംവിധാനം</u>

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണസംവിധാനത്തിൽ പാളിച്ചകൾ ശ്രദ്ധയിൽപ്പെട്ടു.ഇത് സംബന്ധമായ പ്രധാന നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1-വൈദ്യുതി ചാർജ്/വെള്ളക്കരം ഒടുക്കൽ തുടങ്ങിയ ഇനങ്ങളിലുള്ള ചെലവ് യഥാർത്ഥ ഉപഭോഗത്തിനനുസൃതമായി പരിമിതപ്പെടുത്താൻ നടപടികൾ സ്വീകരിച്ചിട്ടില്ല.

2-വിവിധ പ്രോജക്ടുകൾക്കും പരിപാടികൾക്കുമായി മുൻകൂർ നൽകുന്ന തുകയുടെ വിനിയോഗ വിവരം കൃത്യമായി നിരീക്ഷിക്കുന്നില്ല.

3-ഫർണിച്ചറുകൾക്ക് സ്റ്റോക്ക് നമ്പർ നൽകി പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ

സൂക്ഷിച്ചിട്ടില്ല.

4-കമ്പ്യൂട്ടർ ഹാർഡ് വെയറുകൾ/അനുബന്ധ ഉപകരണങ്ങൾ എന്നിവയുടേയും നിലവിൽ ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയറുകളുടേയും വിവരം പ്രത്യേക സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾ നിലനിൽക്കുന്നുണ്ടെങ്കിലും വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായ മാപ്പിങ്ങ് പൂർത്തിയാക്കി സഞ്ചയ സോഫ്റ്റ്‌വെയറുമായി സംയോജിപ്പിക്കുന്നതിൽ (Synchronisation) ഗ്രാമ പഞ്ചായത്ത് വിജയിച്ചിട്ടുണ്ട്.

5-പഞ്ചായത്ത് ജനറൽ കമ്മറ്റിയുടെ മിനിറ്റ്സ് അംഗീകരിക്കാത്തത് മൂലമുള്ള നിയമ പ്രശ്നങ്ങളും സാങ്കേതിക തടസ്സങ്ങളും

1995ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗനടപടിക്രമം) ചട്ടങ്ങളിലെ ചട്ടം 26ൽ അനുശാസിച്ചിട്ടുള്ളത് പ്രകാരം യോഗതീരുമാനങ്ങളും യോഗനടപടിക്രമങ്ങളും നിയമാനുസൃതസമയക്രമം പാലിച്ച് മിനിറ്റ്സ് ബുക്കിൽ രേഖപ്പെടുത്തുന്നതിൽ വീഴ്ച്ചയും സാങ്കേതിക തടസ്സങ്ങളും ഉണ്ടായിട്ടുണ്ട്.താഴെ പറയുന്ന തീയതികളിലെ മിനിറ്റ്സ് പ്രസ്തുത കാലയളവിലെ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി അധികൃതമാക്കിയിട്ടില്ല.

| തീയതി | പേജ് നമ്പരുകൾ |
|---|---|
| 01-12-15 | 5 മുതൽ 17 വരെ |
| 18-12-15 | 18 " 25 " |
| 04-01-16 | 26 " 29 " |
| 21-01-16 | 30 " 33 " |
| 29-01-16 | 34 "35" |
| 08-02-16 | 36 " 38 " |
| 12-02-16 | 39 " 58 " |
| 19-02-16 | 59 " 65 " |
| 29-12-16 | 66 " 74 " |
| 04-03-16 | 75 " 77 " |
| 22-03-16 | 78 " 79 " |
| 28-03-16 | 80 " 81 " |

മേൽ തീയതികളിലെ കരട് മിനിറ്റ്സിന് തന്റെ അംഗീകാരം തേടാതെയാണ് തീരുമാനങ്ങൾ രേഖപ്പെടുത്തിയതെന്നും ആയതിനാൽ ഇതിന് അംഗീകാരം നൽകിയിട്ടില്ലെന്നും ബജറ്റ് അംഗീകരിച്ചതായി രേഖപ്പെടുത്തിയിട്ടുള്ള മിനിറ്റ്സ് പോലും അംഗീകരിച്ചിട്ടില്ലാത്തതിനാൽ തുടർന്നുള്ള ചെലവുകൾ നിയമ വിരുദ്ധമായി കണക്കാക്കണമെന്നും പ്രസ്തുത കാലയളവിലെ പ്രസിഡന്റ് ഓഡിറ്റ് വേളയിൽ നൽകിയ കത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. ഇത് സംബന്ധമായി നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ നടപടിക്രമങ്ങൾ പാലിച്ച് കരട് മിനിറ്റ്സ് തയ്യാറാക്കി പല തവണ പ്രസിഡന്റിന് സമർപ്പിച്ചിരുന്നതായും എന്നാൽ ആയത് രേഖാമൂലം കൈപ്പറ്റാതിരുന്നതിനാൽ മറ്റ് സാങ്കേതിക പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനായി തീരുമാനങ്ങൾ മിനിറ്റ്സ് ബുക്കിൽ രേഖപ്പെടുത്തിയതാണെന്നും വിവരം റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും സെക്രട്ടറി വിശദീകരിച്ചിട്ടുണ്ട്.

ഇത് സംബന്ധമായ സാങ്കേതിക പ്രശ്നങ്ങളും നിയമ തടസ്സങ്ങളും പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി.

| ക്രമ നം. | പദ്ധതി | 2015-16 ൽ ലഭിച്ച അപേക്ഷകൾ (നിരസിച്ചവ ഉൾപ്പെടെ) | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ | കാലതാമസമുണ്ടെങ്കിൽ പരിഹാര മാർഗ്ഗം. |
|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 227 | 227 | 16 | |
| 2 | തൊഴിൽ രഹിത വേതനം | 19 | 19 | 4 | |
| 3 | വിധവാ പെൻഷൻ | 36 | 36 | 2 | |
| 4 | വികലാംഗ പെൻഷൻ | 8 | 8 | 0 | |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 5 | 5 | 1 | |
| 6 | വാർദ്ധക്യകാല പെൻഷൻ | 6 | 6 | 0 | |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.10.2016 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 2212 രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു. ഇംപ്രസ്റ്റ് തുകയായ 200രൂപ 27.2.12നു ശേഷം റീക്കൂപ്പ് ചെയ്യുന്നില്ല

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 28.9.16 | 8/16 | റിപ്പോർട്ട് ലഭിച്ചിട്ടില്ല | |
| 2 | അക്കൗണ്ടൻറ് ജനറലിൻെറ ഓഡിറ്റ് | 30.5.06-12.6.06 | 1997-98 2005-06 | 13.7.06 | |

## 1-11 അനുബന്ധ പത്രികകൾ

1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബജറ്റ് - -നടപടിക്രമങ്ങൾ പാലിക്കുന്നില്ല

2015-16 ലേയ്ക്കുള്ള ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 7.3.15 ൽ അംഗീകരിച്ചിരുന്നു.പ്രസ്തുത ബജറ്റ് ഭേദഗതി കൂടാതെയാണ് 20.3.15 ലെ ജനറൽ കമ്മിറ്റി അംഗീകരിച്ചത് . ഇലക്ഷൻ പെരുമാറ്റച്ചട്ടം പ്രാബല്യത്തിൽ ഉണ്ടായിരുന്നതിൽ 2016-17വർഷത്തേയ്ക്ക് 2015-16 ലെ ബജറ്റ് അതേ പടി തുടരുന്നതിനാണ് തീരുമാനിച്ചത്. (പെരുമാറ്റച്ചട്ടം പിൻവലിക്കുന്നതു വരെ) ആയതിനാൽ 2016-17 വർഷത്തെ ബജറ്റിനോടൊപ്പം അവതരിപ്പിക്കേണ്ടിയിരുന്ന 2015-16 വർഷത്തെ പുതുക്കിയ ബജറ്റ് തയ്യാറാക്കുകയോ വിശകലന വിധേയമാക്കുകയോ ചെയ്തിട്ടില്ല. ഓഡിറ്റ് തീയതി വരെ 2016-17 വർഷത്തെ വിശദമായ ബജറ്റ് തയ്യാറാക്കിയിട്ടില്ല. ആയതിനാൽ 2015-16 വർഷത്തെ ഒറിജിനൽ ബജറ്റും യഥാർത്ഥ കണക്കുകളുമായുള്ള വിശകലനം മാത്രമാണ് നടത്തിയിട്ടുള്ളത്.

ഇപ്രകാരമുള്ള വിശകലനത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.പ്രധാന നികുതിയിനങ്ങളിൽ ബജറ്റ് എസ്റ്റിമേറ്റ് അധികരിച്ച് തുക ലഭിച്ചു.

| ഇനം | ബജറ്റ് പ്രകാരം | യഥാർത്ഥ കണക്ക് |
|---|---|---|
| വസ്തു നികുതി | 1400000 | 1492492 |
| തൊഴിൽ നികുതി | 850000 | 854870 |

പ്രസ്തുത വ്യതിയാനം ബജറ്റ് തയ്യാറാക്കുന്നതിലുള്ള അധികൃതരുടെ അവധാനതയില്ലായ്മ വെളിവാക്കുന്നു. കെട്ടിട നികുതി, തൊഴിൽ നികുതി എന്നീ ഇനങ്ങളിൽ കൃത്യമായ ഡിമാന്റ് തുക നിർണ്ണയിച്ചിരുന്നില്ല. പഞ്ചായത്തിൽ നിന്നും പാസാക്കിയ കണക്കുകൾ പ്രകാരം ഇവയുടെ 2015-16 ലേക്കുള്ള ഡിമാന്റ് (കുടിശ്ശിക തൻവർഷം) യഥാക്രമം 1256333രൂപയും 742630രൂപയും ആയിരുന്നു. യഥാർത്ഥ ഡിമാന്റ് തുക നിർണ്ണയിക്കപ്പെടാത്ത സാഹചര്യം ബജറ്റ് വകയിരുത്തലിന്റെ കൃത്യതയെയും ബാധിച്ചിട്ടുണ്ട്.

2. നിയമം /ചട്ടങ്ങൾ പ്രകാരം അനുവദനീയമായ താഴെ പറയുന്ന വരവിനങ്ങളിൽ തുക വകയിരുത്തിയിരുന്നില്ല.

1.പട്ടികളുടെയും പന്നികളുടെയും ലൈസൻസ് ഫീ

2. യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള ഫീ

3. യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിനുള്ളഫീ

പ്രസ്തുത ഇനങ്ങളിൽ തുക വകയിരുത്താത്തത് കൊണ്ട് ഇത് സംബന്ധമായ ഗ്രാമ പഞ്ചായത്തിന്റെ അനിവാര്യ ചുമതലകൾ ശരിയായി നിർവ്വഹിക്കപ്പെടുന്നില്ലായെന്നും വ്യക്തമാണ്.

3. സാംഖ്യ അക്കൗണ്ടിംഗ് സമ്പ്രദായം പ്രകാരമുള്ള ശീർഷകങ്ങളുടെയും ഉപ ശീർഷകങ്ങളുടെയും വർഗ്ഗീകരണവുമായി പൊരുത്തപ്പെടുന്ന രീതിയിലല്ല തൻ വർഷത്തേയ്ക്കുള്ള ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

മേൽ വിവരിച്ച അപാകതകളും വ്യതിയാനങ്ങളും ബജറ്റ് പ്രക്രിയയോടും ധന വിനിയോഗത്തിലെ ബജറ്ററി കൺട്രോൾ പ്രക്രിയയോടുമുള്ള അധികൃതരുടെ ഉദാസീന സമീപനം വെളിവാക്കുന്നു. അപാകതകൾ ആവർത്തിക്കാതിരിക്കാനുള്ള കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 വാർഷികധനകാര്യപത്രികയിലെ അപാകതകൾ

കൊഴുവനാൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷികധനകാര്യപത്രിക പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ളതും സർട്ടിഫിക്കേഷനുള്ള വിശേഷണങ്ങളായി കണക്കാക്കാവുന്നതുമായ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ആസ്തി/ ബാധ്യതകളുടെ മൂല്യനിർണയപ്രക്രിയ പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ കണക്കാക്കപ്പെട്ട ജനറൽ ഫണ്ട് അന്തിമമല്ല. (31.3.16 പ്രകാരമുള്ളത്)

2) തോടനാൽ സർവീസ് സഹകരണബാങ്ക് അക്കൗണ്ടിന്റെ (നം 828) 31.3.16 പ്രകാരമുള്ള റെക്കൺസിലിയേഷൻ കൃത്യമായിരുന്നില്ല. രസീത് നൽകിയതിൽ ഇരട്ടിപ്പ് വന്ന രണ്ട് ചെക്കുകൾ (6250+1250) യഥാർത്ഥത്തിൽ അക്കൗണ്ടിൽ ക്രഡിറ്റിൽ വന്നിട്ടും ക്രഡിറ്റിൽ വരാനുള്ള ചെക്കുകളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തി.

3) നികുതിയിനങ്ങളുടെ പ്രത്യേകിച്ച് വസ്തുനികുതിയുടെ കുടിശിക തുകയുടെ വർഷം തിരിച്ചുള്ള കൃത്യമായ കണക്ക് ലഭ്യമല്ലാത്തതിനാൽ വർഷാരംഭത്തിൽ അക്രൂവൽ എൻട്രി ചേർക്കുന്നതിന്റെ അടിസ്ഥാനം വ്യക്തമല്ല.

4) ചെലവുകളുടെ ക്ലാസ്സിഫിക്കേഷനിൽ പിഴവ് ഉണ്ടായിട്ടുണ്ട്.

## 2-3 ബാങ്ക് അക്കൗണ്ടിന്റെ വിശദാംശങ്ങൾ ലഭ്യമല്ല

പഞ്ചായത്തിന്റെ കോട്ടയം ജില്ലാ സഹകരണ ബാങ്കിലുള്ള നിലവിലുള്ള ബാങ്ക് അക്കൗണ്ടിന്റെ സ്ക്രോൾ, അക്കൗണ്ട് നം. തുടങ്ങിയ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. 450430101-എന്ന സാംഖ്യ കണക്ക് ശീർഷകത്തിലുള്ള ടി അക്കൗണ്ടിൽ 11127/- രൂപ നീക്കിയിരിപ്പ് ഉള്ളതായി 31.03.2016-ലെ ബാലൻസ് ഷീറ്റിൽ വ്യക്തമാക്കുന്നു. 2015-16 വാർഷിക ധനകാര്യ പത്രിക പ്രകാരം ടി കണക്ക് ശീർഷകത്തിൽ ഇടപാടുകളൊന്നും നടന്നിട്ടില്ല(ജനറൽ ലഡ്ജർ ട്രയൽ ബാലൻസ് അനുസരിച്ച്). ടി ബാങ്ക് അക്കൗണ്ടിലെ നാളിതുവരെയുള്ള സ്ക്രോൾ ഹാജരാക്കേണ്ടതും പ്രസ്തുത അക്കൗണ്ടിൽ കൂടി ഏതിനം ഫണ്ടിന്റെ വിനിമയമാണ് നടന്നിട്ടുള്ളതെന്ന് വ്യക്തമാക്കേണ്ടതുമാണ്. ഇടപാടുകൾ നടക്കാത്ത അക്കൗണ്ട് എന്ന നിലയിൽ ആയത് ക്ലോസ് ചെയ്യേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-4 വാണിജ്യാവശ്യത്തിനുള്ള കെട്ടിടം - പല ഭാഗങ്ങളായിതിരിച്ച് നികുതി നിർണയിച്ചത് മൂലം നികുതിയിനത്തിൽ നഷ്ടം

പഞ്ചായത്തിലെ വസ്തുനികുതി അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടത്തിലെ വിവിധ മുറികൾക്ക് വിവിധ നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചതു മൂലം നികുതിയിനത്തിൽ നഷ്ടം സംഭവിച്ചതായി കാണുന്നു. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4 -ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. എന്നാൽ പഞ്ചായത്തിൽ ഒരേ ഉടമസ്ഥതയിലുള്ള (സംയുക്ത ഉടമസ്ഥതയിലുള്ള ഒറ്റകെട്ടിടം) ആളിന്റെ വാണിജ്യാവശ്യത്തിനായി മാത്രം ഉപയോഗിക്കുന്ന 100ച.മീ.കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ ഓരോ ഭാഗത്തിനും വിവിധ നമ്പരുകൾ നല്കി, ഒരു ച.മീറ്ററിന് 30രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. ഗ്രാമ പഞ്ചായത്തിലെ വിജ്ഞാപന പ്രകാരം 100ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കടമുറികൾക്ക് 50രൂപ നിരക്കിലാണ് നികുതി നിർണ്ണയിക്കേണ്ടത്. വസ്തുനികുതി ഇപ്രകാരം കണക്കാക്കിയതു മൂലം നഷ്ടം വന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമയുടെപേര് ,വിലാസം | കെട്ടിടനം | വിസ്തീർണ്ണം (ച..മീ) | നിർണയിച്ച നികുതി | നിർണ്ണയിക്കേണ്ടിയിരുന്ന നികുതി | കുറവ് |
|---|---|---|---|---|---|
| N.K.വിജയകുമാർ, ശ്രീഭവൻ, മേവട | III/337 B | 22m2 | 22x30=660<br>20% വർദ്ധനവ്=132<br>------<br>ആകെ - 792 | 162.5x50 =8125<br>20% വർദ്ധനവ് -1625<br>-----<br>9750 | 3900 |
| സജിമോൾ ബാലമുരളി, തുണ്ടത്തിൽ | III/337 C | 21.5m2 | 21.5x30 = 645+ 129+ (20% വർധന)<br>------<br>774 | | |
| ശ്യാമളകുമാരി, വാതല്ലൂർ കോയിക്കൽ,ചേപ്പാട് | III/337 D | 20m2 | 20x30 = 600<br>+120+(20% വർധന) = 720 | | |
| | III/337 E | 19.5m2 | 19.5x30=585+117+ (20% വർധന)=702 | | |
| | III/337 F | 21m2 | 21x30= 630<br>+ 126+(20% വർധന) =756 | | |

| | | | | | |
|---|---|---|---|---|---|
| | | | | | |
| | III/337 G | 17m2 | 17x30= 510<br>+ 102+(20% വർധന)=<br>612 | | |
| | III/337 H | 15m2 | 15x30= 450<br>+ 90+(20% വർധന)=540 | | |
| | III/337 I | 13.25m2 | 13.25x30 =398+ 79+ (20% വർധന)=477 | | |
| | III/337 J | 13.25m2 | 13.25x30 = 398+ 79+(20% വർധന)=477 | | |
| ആകെ | | 162.5 | 5850 | 9750 | 3900 |

1. ഇപ്രകാരം ഒരേ ആളുടെ ഉടമസ്ഥതയിലുള്ള ഒരേ ആവശ്യത്തിനുപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് വസ്തുനികുതി പ്രത്യേകമായി കണക്കാക്കിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(നം.10) ഉടമസ്ഥൻ ആവശ്യപ്പെടുന്നതനുസരിച്ചാണ് റൂമുകൾക്ക് പ്രത്യേകം നമ്പർ നല്കുകയോ ഒറ്റ യൂണിറ്റായി നമ്പർ നല്കുകയോ ചെയ്യുന്നതെന്നും ടി റൂമുകളിൽ വ്യത്യസ്ത ലൈസൻസുകളിൽ വ്യത്യസ്ത വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കാനുദ്ദേശിക്കുന്നുവെങ്കിൽ പ്രത്യേകം നമ്പർ നല്കേണ്ടത് ആവശ്യമായി വരുന്നു എന്നും മറുപടി നല്കി.
   1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(എ) വകുപ്പ് പ്രകാരം ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ ടി വകുപ്പ് രണ്ടാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ടി വകുപ്പ് ഏഴാം ഉപവകുപ്പിൽ പരാമർശിക്കുന്ന ഏതെങ്കിലും രണ്ടോ അതിലധികമോ ഘടകങ്ങളോ ഒരു ഘടകത്തിന്റെ രണ്ടോ അതിലധികമോ തരങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷികവസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്. എന്നാൽ ഇവിടെ ഈ നിയമപ്രകാരം വെവ്വേറെ ഉപയോഗങ്ങളോ ഘടകങ്ങളോ ഉള്ളതായി കാണുന്നില്ല. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതി) ചട്ടങ്ങളിൽ ചട്ടം 3(4) പ്രകാരം ഒരു കെട്ടിടത്തിന്റെതന്നെ വ്യത്യസ്ത ഭാഗങ്ങൾ ഒരാളിന്റെ ഉടമസ്ഥതയിൽ ആണെങ്കിൽ തന്നെ തക്കതായ കാരണങ്ങളാൽ ആ കെട്ടിടഭാഗങ്ങൾക്ക് പ്രത്യേക കെട്ടിടനമ്പർ നൽകിയിട്ടുണ്ടെങ്കിൽ ഓരോ ഭാഗത്തെയും വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കാവുന്നതാണ്. എന്നാൽ തക്കതായ കാരണങ്ങൾ എന്താണെന്ന് പ്രത്യേകം നിർവചിക്കപ്പെട്ടിട്ടില്ല. നിർവചിക്കപ്പെടാത്ത കാരണങ്ങൾ തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ മേധാവിക്ക് സ്വയം കണ്ടെത്താൻ കഴിയുകയുമില്ല. ഓരോ കടമുറികളും പ്രത്യേകം വാടകയ്ക്ക് നൽകുന്നു എന്നത് ഒരു കാരണമായി കണക്കാക്കാനും കഴിയുകയില്ല.
   ഈ സാഹചര്യത്തിൽ സൂചിത കെട്ടിടങ്ങളുടെ വസ്തുനികുതി നിയമപ്രകാരമുള്ള നിരക്കിൽ പുനർനിർണയിക്കേണ്ടതാണ്. ഈ വിഷയത്തിൽ പഞ്ചായത്ത് സെക്രട്ടറി പഞ്ചായത്തിന്റെ പൊതു താത്പര്യം കണക്കിലെടുത്ത് നടപടികൾ സ്വീകരിക്കേണ്ടതും പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്.

## 2-5 കെട്ടിടനിർമ്മാണവിപുലീകരണത്തിനുള്ള പെർമിറ്റ്-വിശദവിവരങ്ങൾ ലഭ്യമായിട്ടില്ല.

2008 ഏപ്രിൽ1മുതൽ 2012മാർച്ച് 31 വരെ കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കലിനായി നൽകിയ അപേക്ഷകളുടെ വിവരം രജിസ്റ്ററിൽ കൃത്യമായി ചേർത്തിട്ടില്ല. നിർമ്മാണത്തിന്റെ സ്വഭാവം സംബന്ധിച്ച് കോളം നമ്പർ 5-ൽ ചേർത്തിരിക്കുന്ന വിവരങ്ങൾ അപൂർണ്ണമാണ്.ആയതിനാൽ കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കലിനായി നൽകിയ അപേക്ഷകളുടെ വിവരം,കംപ്ലീഷൻ പ്ലാനിന്റെ അടിസ്ഥാനത്തിൽ നികുതി പുനർ നിർണ്ണയം നടത്തിയതിന്റെ വിവരം,പെർമിറ്റുകൾ പുതുക്കി നൽകിയതിന്റെ വിവരം ,അനധികൃത നിർമ്മാണം റിപ്പോർട്ടു ചെയ്തതിന്റെ വിവരം,ആയതിൻമേൽ സ്വീകരിച്ച നടപടികളുടെ വിവരം എന്നിവ ലഭ്യമായിട്ടില്ല. കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കലിനായി നൽകിയ അപേക്ഷകളുടെ വിവരം സംബന്ധിച്ച് രജിസ്റ്റർ കൃത്യമാക്കേണ്ടതും, ഗ്രാമപഞ്ചായത്തിന് വസ്തു നികുതി പുനർനിർണ്ണയത്തിലൂടെയുള്ള വരുമാനം പൂർണ്ണമായി ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.2012മാർച്ച് 31 വരെ കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കലിനായി നൽകിയ അപേക്ഷകളിൻമേലുള്ള കെട്ടിടപൂർത്തീകരണ വിവരം പ്രത്യേകമായും തുടർന്നുള്ള കാലയളവിലെ അപേക്ഷകളുടെ അടിസ്ഥാനത്തിലുള്ള കെട്ടിടങ്ങളുടെ വിപുലീകരണം പൊതുവായും പരിശോധനാ വിധേയമാക്കേണ്ടതും

വരുമാനച്ചോർച്ച ഉണ്ടായിട്ടില്ലെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 2-6 സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല

കൊഴുവനാൽ ടൗൺ പ്രദേശത്ത് 1958-ലെ കേരള മണി ലെൻഡേഴ്സ് നിയമം പ്രകാരമുള്ള ലൈസൻസ് നേടി പ്രവർത്തിക്കുന്ന സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ 2015-16 വർഷം പഞ്ചായത്തിന്റെ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു(ആധാരം-www.keralataxes.gov.in).

| ക്രമ നം. | ലൈസൻസ് നം. | ഡീലറുടെ പേര് | സ്ഥാപനത്തിന്റെ പേരും വിലാസവും |
|---|---|---|---|
| 1 | 32050373005 | പ്രേമാല | പ്രേമാലയിൽ ബാങ്കേഴ്സ്<br>ചർച്ച് ബിൽഡിങ്ങ്, കൊഴുവനാൽ |
| 2 | 32050392704 | സാം | കാരുണ്യ ഫിനാൻസിയേഴ്സ്<br>പൂവക്കുളം ബിൽഡിങ്ങ്, കൊഴുവനാൽ |
| 3 | 32050354184 | ഷാജു | ഷാജു ഫിനാൻസിയേഴ്സ്<br>തേക്കുമുറിയിൽ, കൊഴുവനാൽ |
| 4 | - | - | അറയ്ക്കൽ ചിട്ട്സ്, കൊഴുവനാൽ |

മേൽപറഞ്ഞ സ്ഥാപനങ്ങൾക്ക് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 205-ാം വകുപ്പ് പ്രകാരമുള്ള ടേൺ ഓവറിന് ആനുപാതികമായ തൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും ചുമത്താത്തതിനാൽ പഞ്ചായത്തിന് വരുമാന നഷ്ടം സംഭവിച്ചതായി കാണുന്നു. ഓഡിറ്റ് നടത്തിയ പരിമിത സമയത്ത് മേൽപറഞ്ഞ സ്ഥാപനങ്ങളുടെ വിവരങ്ങൾ കണ്ടെത്തിയിട്ടുണ്ട്. പഞ്ചായത്ത് കാര്യാലയത്തിനു സമീപം പ്രവർത്തിക്കുന്ന ടി സ്ഥാപനങ്ങളെ നാളിതുവരെ നികുതിയുടെ പരിധിയിൽ കൊണ്ടുവരാൻ കഴിയാത്തത് നികുതി ഒടുക്കാനുള്ള സ്ഥാപനങ്ങളെ കണ്ടെത്തി ഡിമാന്റ് ചെയ്യുന്നതിനുള്ള പഞ്ചായത്തിലെ സംവിധാനത്തിന്റെ പാളിച്ച മൂലമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

തൊഴിൽ നികുതി ഡിമാന്റിൽ സംഭവിച്ച അപാകതയുള്ള വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.2/17.10.2016) നൽകിയ മറുപടിയിൽ ടി സ്ഥാപനങ്ങളെ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെടുത്തി നികുതി ഈടാക്കാനുള്ള നടപടി ഉടൻതന്നെ സ്വീകരിക്കുമെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. മേൽ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരെ തൊഴിൽ നികുതി ഡിമാന്റിൽ കൊണ്ടുവരേണ്ടതാണ്. കൂടാതെ സ്ഥാപനത്തിന്റെ വിറ്റുവരവ് അടിസ്ഥാനത്തിലുള്ള തൊഴിൽ നികുതിയും ഈടാക്കി വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

## 2-7 വാടക സെക്യൂരിറ്റി നിക്ഷേപം-കണക്കുകളിൽ അപാകത

ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ വാടകയ്ക്ക് നൽകുന്നതിനുള്ള അംഗീകരിക്കപ്പെട്ട ബൈലോ പ്രകാരമുള്ള വ്യവസ്ഥകൾ നിലവിലുണ്ട്(നം.A1.2 35/92 തീയതി 28.11.1997). ലേല വ്യവസ്ഥകളിലെ വ്യവസ്ഥ നം.7 പ്രകാരം ഓരോ മുറിയും വാടകയ്ക്ക് നൽകുന്നതിന് 25000/- രൂപ സെക്യൂരിറ്റി നിക്ഷേപമായി കുത്തകക്കാരിൽ നിന്നും ഈടാക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. 2015-16 വർഷം 8 മുറികൾ മുൻവർഷത്തെ കുത്തകക്കാർ തന്നെ 5% മാസവാടക വർദ്ധനവ് വ്യവസ്ഥ കരാറിൽ ഉൾപ്പെടുത്തി കുത്തകാവകാശം തുടർന്നിരുന്നു. ഡെപോസിറ്റ് രജിസ്റ്റർ പ്രകാരവും വാർഷിക ധനകാര്യ പത്രിക പ്രകാരവും പഞ്ചായത്ത് ഫണ്ടിൽ 31.03.2016-ൽ നിലവിലുള്ള വാടക സെക്യൂരിറ്റി നിക്ഷേപം 17900/- രൂപയാണ്(സാംഖ്യ കണക്ക് ശീർഷകം-340200101). വാടകയ്ക്ക് നൽകിയ 8 മുറികളുടെ കുത്തക്കാരിൽ നിന്നും ലേല വ്യവസ്ഥകൾ പ്രകാരമുള്ള തുക വാങ്ങിയിരുന്നെങ്കിൽ ഏറ്റവും കുറഞ്ഞത് 2 ലക്ഷം രൂപയെങ്കിലും സെക്യൂരിറ്റി നിക്ഷേപമായി ബാധ്യതാകണക്കിൽ അവശേഷിക്കേണ്ടിയിരുന്നു. 2015-16 വർഷത്തെ വാടക രജിസ്റ്ററിൽ സെക്യൂരിറ്റി നിക്ഷേപത്തിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ വാടക കുടിശികയിനത്തിൽ 11300/- രൂപ (സാംഖ്യ കണക്ക് ശീർഷകം-431400102) നിലനിൽക്കുന്നതിന്റെ വിശദാംശങ്ങൾ വാടക ഡിമാൻഡ് രജിസ്റ്ററിൽ നിന്നും ലഭ്യമല്ല.

മേൽവിവരിച്ച അപാകത വാർഷിക ധനകാര്യ പത്രികയിലും പഞ്ചായത്തിലെ രജിസ്റ്ററുകളിലും നിലനിൽക്കുന്നതായി ഓഡിറ്റ് അന്വേഷണക്കുറിപ്പിലൂടെ (നം.6/19.10.2016) സെക്രട്ടറിയെ അറിയിച്ചിരുന്നു. സെക്യൂരിറ്റി നിക്ഷേപത്തിലെ അക്കൗണ്ടിങ്ങിൽ സംഭവിച്ച അപാകത പരിഹരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടിയിൽ അറിയിച്ചു. 2013-14 വർഷം സെക്യൂരിറ്റി നിക്ഷേപമായി ലഭിച്ച 50000/- രൂപ കണക്ക് ശീർഷകം മാറി രേഖപ്പെടുത്തയതുമൂലമാണ് ബാധ്യത

കണക്കിൽ വ്യത്യാസം വന്നതെന്നും മറുപടിയിൽ പറയുന്നു. വാർഷിക ധനകാര്യ പത്രികയിലെ വാടക സെക്യൂരിറ്റി നിക്ഷേപത്തിലെ അപാകത കണ്ടെത്തി പരിഹരിച്ച് കണക്കുകൾ കൃത്യമാക്കേണ്ടതാണ്. നിലവിലുള്ള എല്ലാ കുത്തകക്കാരിൽ നിന്നും ഏറ്റവും ചുരുങ്ങിയത് ബൈലോ പ്രകാരം നിർദ്ദേശിച്ചിട്ടുള്ള വാടക സെക്യൂരിറ്റി നിക്ഷേപം (25000/-) ലഭിച്ചിട്ടുണ്ടോ എന്ന വിവരം വിശദ പരിശോധന നടത്തി ഉറപ്പാക്കേണ്ടതാണ്. അല്ലാത്തപക്ഷം ബൈ-ലോ പ്രകാരമുള്ള തുക നിലവിലുള്ള കുത്തകക്കാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്. അക്കൗണ്ടിങ്ങിൽ സംഭവിച്ച മേൽപറഞ്ഞ അപാകത തുടർവർഷങ്ങളിലും നിലനിൽക്കുമെന്നതിനാൽ വാടക സെക്യൂരിറ്റി നിക്ഷേപ രജിസ്റ്ററിലെയും ധനകാര്യ പത്രികയിലെയും കണക്കിലെ പിഴവ് അടിയന്തിരമായി പരിഹരിക്കേണ്ടതാണ്. കൂടാതെ വാടക കുടിശികയിനത്തിൽ ഡിമാന്റ് രജിസ്റ്ററിലില്ലാത്ത 11300/-(ധനകാര്യ പത്രിക പ്രകാരം) രൂപയുടെ വിശദമായ കണക്കുകൾ തയ്യാറാക്കി ടി തുക കുത്തകക്കാരിൽ നിന്നും ഈടാക്കേണ്ടതാണ്. ഈ വിഷയത്തിലുള്ള അപാകതകളെല്ലാം പരിഹരിച്ചശേഷം വിശദാംശങ്ങൾ സഹിതം രേഖാമൂലം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

## 2-8 ഡി & ഒ ട്രേഡ് ലൈസൻസ് നൽകുന്നതിലെ പൊതു അപാകതകൾ

ഡി & ഒ ട്രേഡ് ലൈസൻസിനായി 2015-16 വർഷം 171 അപേക്ഷകളാണ് ലഭിച്ചത് (ഡി & ഒ ട്രേഡ് ലൈസൻസ് രജിസ്റ്റർ പ്രകാരം). ഏതാനും ചില അപേക്ഷകളിൽ മാത്രമാണ് പൂർണ്ണമായ വിവരങ്ങളും ട്രെയ്ഡറുടെ ഒരു ദിവസത്തെ ശരാശരി വിറ്റുവരവും അനുബന്ധരേഖകളും ഉൾപ്പെടുത്തിയിട്ടുള്ളത്. അപേക്ഷകളിൽ പഞ്ചായത്ത് ഉദ്യോഗസ്ഥൻ സ്ഥലപരിശോധന നടത്തി തയ്യാറാക്കിയ റിപ്പോർട്ടിൽ ലൈസൻസ് ഫീസ് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങളായ ശരാശരി വിറ്റുവരവ്, യന്ത്രസാമഗ്രികളുടെ കുതിരശക്തി തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ ട്രെയ്ഡേഴ്സിന്റെയും ആധികാരികമായ ഒരു ലിസ്റ്റ്(വാർഡ് അടിസ്ഥാനത്തിൽ) ഇല്ലാത്തതിനാൽ എല്ലാ ട്രെയ്ഡേഴ്സും ലൈസൻസ് പ്രകാരമാണോ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നത് എന്നത് വ്യക്തമല്ല. 2014-15ൽ 150 സ്ഥാപനങ്ങളിൽ നിന്നും 56850/- രൂപ ഈയിനത്തിൽ ലഭിച്ചപ്പോൾ 2015-16 വർഷം 43950 /-രൂപ മാത്രമാണ് 171സ്ഥാപനങ്ങളിൽ നിന്നും ലഭിച്ചത്.ട്രേഡേഴ്സ് ലിസ്റ്റ് ഇല്ലാത്തതിനാലും പൂർണ്ണമായും ഡി.സി.ബി തയ്യാറാക്കാത്തതിനാലും ലൈസൻസ് ഫീസിനത്തിലുള്ള കുറവ്12900 വിശകലനം ചെയ്യാൻ സാധിച്ചില്ല.

സാൻസ് ലൈഫ് സയൻസ് എന്ന സ്ഥാപനത്തിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയതിൽ 700/- രൂപയുടെ കുറവുള്ളതായി കാണുന്നു. ജോബി പോൾ, മാനേജിങ്ങ് പാർട്ണർ, സാൻസ് ലൈഫ് സയൻസ് എന്ന ട്രെയ്ഡർ 16.02.2015-ൽ നൽകിയ 2015-16 വർഷത്തേക്കുള്ള ലൈസൻസ് അപേക്ഷയിൽ(നം.6) 30000/- രൂപയാണ് ഒരു ദിവസത്തെ വിറ്റുവരവ്. ടിയാളിൽ നിന്നും ലൈസൻസ് ഫീസായി 300/- രൂപമാത്രമാണ് ഈടാക്കിയത് (രസീത് നം.3161/25.02.2015). 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം-7 പ്രകാരം 25000/- മുതൽ 50000/-രൂപവരെ വിറ്റുവരവുള്ള സ്ഥാപനങ്ങൾക്ക് 1000/- രൂപ ഫീസ് ചുമത്താവുന്നതാണ്(നഷ്ടം 700/- രൂപ). ഓഡിറ്റ് അന്വേഷണക്കുറിപ്പ് നല്കിയതിന്റെ അടിസ്ഥാനത്തിൽ ടി ട്രേഡർ കുറവ് വന്നതുക അടവാക്കി (രസീത് നം.11602101127/21.10.16)

2015-16 ലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം 4 അബ്കാരി ഷാപ്പുകൾക്ക് തൊഴിൽ നികുതി ചുമത്തിയിട്ടുണ്ട്(ടി.എസ്.നം.6,7,10,11). എന്നാൽ താരതമ്യേന ഉയർന്ന വിറ്റുവരവുള്ള ടി സ്ഥാപനങ്ങൾ ഡി & ഒ ട്രേഡ് ലൈസൻസ് പരിധിയിൽ വന്നിട്ടില്ല. മേൽ ചട്ടങ്ങളിലെ ചട്ടം-3 (പട്ടിക-1 ലെ ഇനം-139) പ്രകാരം അബ്കാരി ഷാപ്പുകൾ പഞ്ചായത്തിന്റെ ഡി & ഒ ട്രേഡ് ലൈസൻസ് പരിധിയിൽ ഉൾപ്പെടേണ്ടതാണ്. മേൽഅപാകതകൾ നിലനിൽക്കുന്നതിനാൽ തനത് വിഭവസമാഹരണത്തിലെ കാര്യക്ഷമത സംബന്ധിച്ച് ഓഡിറ്റിൽ നടത്തുന്ന മൂല്യനിർണ്ണയത്തിൽ കുറവ് ഉണ്ടായേക്കാം എന്ന വിവരവും ഇതോടൊപ്പം അറിയിക്കുന്നു.

ഡി & ഒ ട്രേഡ് ലൈസൻസിലെ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.3/19.10.2016) സെക്രട്ടറി നൽകിയ മറുപടിയിൽ പൊതു ആപാകതകൾ പരിഹരിക്കുന്നതാണെന്നും ലൈസൻസ് ഫീസിൽ ഉണ്ടായ കുറവ് ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ അബ്കാരി ഷാപ്പുകളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരാനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. ഈ വിഷയത്തിൽ നിലനിൽക്കുന്ന അപാകതകൾ പരിഹരിച്ച് വിശദാംശങ്ങൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-9 സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 270(1) പ്രകാരം പഞ്ചായത്തിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തനമാരംഭിക്കാൻ പാടുള്ളതല്ല. 1997-ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ചട്ടങ്ങളിലെ ചട്ടം-5(1) പ്രകാരം ഇത്തരം സ്ഥാപനങ്ങൾ ഓരോ സാമ്പത്തിക വർഷവും ആരംഭിക്കുന്നതിനു മുൻപായി രജിസ്ട്രേഷൻ പുതുക്കേണ്ടതാണ്. എന്നാൽ 2015-16 വർഷം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യാത്തതും രജിസ്ട്രേഷൻ പുതുക്കാത്തതുമായ സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതായി കാണുന്നു.

കൊഴുവനാൽ ടൗൺ പ്രദേശത്ത് പ്രവർത്തിക്കുന്ന ഏതാനും സ്ഥാപനങ്ങൾ ഉദാഹരണമായി ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | മറ്റത്തിൽ ഡെന്റൽ ക്ലിനിക്-ദന്താശുപത്രി, കൊഴുവനാൽ |
| 2 | അലൈൻ ഹോമിയോ കെയർ, കൊഴുവനാൽ |
| 3 | ദീപ്തി ഹോമിയോ ക്ലിനിക്, കൊഴുവനാൽ |
| 4 | നാഗാർജ്ജുന ആയുർവേദ ഔഷധശാല, കൊഴുവനാൽ |
| 5 | ഹവോമ ഹെൽത്ത് കെയർ പ്രൈവറ്റ് ലിമിറ്റഡ് , കൊഴുവനാൽ |
| 6 | ഫാത്തിമ മിഷൻ ആശുപത്രി, കൊഴുവനാൽ |
| 7 | സാൻസ് ലബോറട്ടറീസ് ലിമിറ്റഡ് |

രജിസ്ട്രേഷനില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമനടപടി സ്വീകരിച്ചതായി കാണുന്നില്ല (മേൽ നിയമം വകുപ്പ്-270എ, ചട്ടം-8 എന്നിവ പ്രകാരം). ഈ വിഷയത്തിൽ നടപടി സ്വീകരിക്കാത്തതിനാൽ നിയമലംഘനവും പഞ്ചായത്തിന് റവന്യൂ നഷ്ടവും ഉണ്ടാകുന്നു. അപാകത ശ്രദ്ധയിൽപ്പെടുത്തി സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.1/14.10.2016) മറുപടിയിൽ ക്രമ നം 5,7 സ്ഥാപനങ്ങളിൽ മരുന്നുകളുടെ നിർമ്മാണവും വിപണനവും മാത്രമാണ് നടക്കുന്നതെന്നറിയിച്ചു. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ ആശുപത്രികളും, പാരാമെഡിക്കൽ സ്ഥാപനങ്ങളും പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുകയും എല്ലാ സാമ്പത്തികവർഷവും രജിസ്ട്രേഷൻ പുതുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി ഇതു സംബന്ധിച്ച വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ഗ്രാമ പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് ഒടുക്കൽ/പൊതുടാപ്പുകളുടെ വാട്ടർ ചാർജ് ഒടുക്കൽ-അപാകതകൾ

ഗ്രാമ പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് ഒടുക്കൽ/പൊതുടാപ്പുകളുടെ വാട്ടർ ചാർജ് ഒടുക്കൽ എന്നീ ഇനങ്ങളിലുള്ള ചെലവ് വൗച്ചറുകൾ ഓഡിറ്റിൽ പരിശോധനാവിധേയമാക്കിയതിൽ, വൈദ്യുതി ചാർജിനത്തിൽ പൈക ഇലക്ട്രിക്കൽ സെക്ഷന് കീഴിലുള്ള 20 കൺസ്യൂമർ നമ്പരുകളുടേയും കിടങ്ങൂർ ഇലക്ട്രിക്കൽ സെക്ഷന് കീഴിലുള്ള 7 കൺസ്യൂമർ നമ്പരുകളുടേയും തുക പ്രതിമാസം ഒടുക്കി വരുന്നതായി ബോധ്യപ്പെട്ടു. പ്രസ്തുത കൺസ്യൂമർ നമ്പരുകൾ ഏതെല്ലാം തെരുവ്വിളക്കുകളുടേതാണെന്നോ ഏതെല്ലാം കെട്ടിടങ്ങളുടേതാണെന്നോ ബന്ധപ്പെട്ട സെക്ഷൻ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥനോ മറ്റ് അധികൃതർക്കോ ധാരണയുണ്ടായിരുന്നില്ല. പൈക ഇലക്ട്രിക്കൽ സെക്ഷന് കീഴിലുള്ള തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ പ്രതിമാസം ശരാശരി 36452/രൂപയും കിടങ്ങൂർ ഇലക്ട്രിക്കൽ സെക്ഷന് കീഴിലുള്ള തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ പ്രതിമാസം ശരാശരി 8313/രൂപയും ഒടുക്കി വരുന്നു. പഞ്ചായത്തിലെ ഓരോ ഏരിയായിലും സ്ഥാപിച്ചിട്ടുള്ള ആകെ തെരുവ് വിളക്കുകളുടെ എണ്ണം, ലൊക്കേഷൻ, ബൾബുകളുടെ ഇനം (സാധാരണ ബൾബ്, CFL,SVL,LED എന്നിങ്ങനെ തരം തിരിച്ച് ) തുടങ്ങിയ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. കെട്ടിടങ്ങളുടേതായിട്ടുള്ള കൺസ്യൂമർ നമ്പരുകളും ഏതൊക്കെ കെട്ടിടങ്ങളുടേതാണെന്ന് വ്യക്തമല്ല.

ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള 5 പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ പ്രതിമാസം 2188/രൂപ (ഒരു ടാപ്പിന് പ്രതിവർഷം 5250/രൂപ ) വാട്ടർ അതോറിറ്റിയിൽ ഒടുക്കി വരുന്നു. എന്നാൽ പ്രസ്തുത ടാപ്പുകളും ഏതെല്ലാം ലൊക്കേഷനുകളിലാണ് സ്ഥാപിച്ചിട്ടുള്ളതെന്നോ പ്രവർത്തനക്ഷമമാണോയെന്നോ വ്യക്തമല്ല.

മേൽ രണ്ടിനങ്ങളിലായി പ്രതിവർഷം 6 ലക്ഷം രൂപയ്ക്ക് മേൽ ചെലവഴിക്കുന്നതിനാൽ ഓരോ മാസത്തേയും ബില്ലുകളുടെ കൃത്യത പരിശോധിക്കേണ്ടതും യഥാർത്ഥ ഉപഭോഗത്തിനനുസൃതമായി ബിൽ തുക പരിമിതപ്പെടുത്തേണ്ടതും ആവശ്യമാണ്.

മേൽ അപാകത ഓഡിറ്റ് എൻക്വയറി മുഖേന ശ്രദ്ധയിൽപ്പെടുത്തുകയും ഓഡിറ്റ് എക്സിറ്റ് മീറ്റിങ്ങിൽ ഉന്നയിക്കുകയും ചെയ്തിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-2 രജിസ്റ്ററുകളുടേയുംഫോറങ്ങളുടേയുംവാങ്ങൽ–-ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ അധികമായി ഒടുക്കിയ തുക ക്രമീകരിച്ചിട്ടില്ല

ഗ്രാമ പഞ്ചായത്തിലേയ്ക്ക് ആവശ്യമായ രജിസ്റ്ററുകളും ഫോറങ്ങളും വാങ്ങുന്നതിനായി ഇൻഡന്റ് പ്രകാരം മുൻകൂർ ഒടുക്കുന്ന തുകയ്ക്കനുസൃതമായി ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും ആയവ ലഭ്യമാവുന്നില്ലയെന്ന് കാണുന്നു. തൻവർഷം വൗച്ചർ നമ്പർ-21500193/5-6-15 പ്രകാരം 11300/രൂപ ഒടുക്കിയെങ്കിലും ഇതിൽ ഉൾപ്പെട്ട 1800/രൂപയുടെ ഫയൽ പാഡുകൾ (100x18) ലഭിച്ചിട്ടില്ല. ഗ്രാമലക്ഷ്മി മുദ്രാലയവുമായി എല്ലാ വർഷവും ഇടപാടുകൾ നടത്തുന്നതിനാൽ പ്രസ്തുത സ്ഥാപനത്തിന്റെ അക്കൗണ്ടിൽ അധികമായി നിൽക്കുന്ന തുക നിർണ്ണയിക്കേണ്ടതും ആയത് തുടർന്നുള്ള വാങ്ങലിൽ ക്രമീകരിക്കേണ്ടതുമാണ്. അല്ലാത്തപക്ഷം അധികമായി ഒടുക്കിയ തുക തിരികെ ഈടാക്കേണ്ടതാണ്

## 3-3 ശുചിത്വ മിഷൻഗ്രാന്റ്-മുൻവർഷം ലഭിച്ച തുക വിനിയോഗിക്കുന്നതിൽ വീഴ്ച്ച-

ഗ്രാമപഞ്ചായത്തിന് 2013-14 സാമ്പത്തിക വർഷം ഉറവിടമാലിന്യസംസ്കരണത്തിന്റെ ഭാഗമായി ബയോഗ്യാസ് പ്ലാന്റ്,പൈപ്പ് കമ്പോസ്റ്റ്,മണ്ണിര കമ്പോസ്റ്റ് എന്നീ പദ്ധതികൾക്കായി 538500/രൂപ ലഭിച്ചിരുന്നു.എന്നാൽ മേൽ പദ്ധതികൾ കാര്യക്ഷമമായ രീതിയിൽ നടപ്പിലാക്കി ലഭിച്ച ഗ്രാന്റ് പൂർണ്ണമായി പ്രയോജനപ്പെടുത്തുന്നതിൽ ഗ്രാമ പഞ്ചായത്ത് വേണ്ടത്ര വിജയിച്ചില്ല. മേൽപദ്ധതികളിൽ ആദ്യത്തെ രണ്ടെണ്ണത്തിനായി 2013-14വർഷത്തിൽ യഥാക്രമം 280500/രൂപ,39825/രൂപ, എന്നിങ്ങനെ വിനിയോഗിച്ചെങ്കിലും 2014-15,2015-16 വർഷങ്ങളിൽ ബാക്കി തുക വിനിയോഗിച്ചില്ല. വിനിയോഗിക്കാതെ ബാക്കിയായ 218175/രൂപയും പലിശ ഇനത്തിലുള്ള 16215/രൂപയും ഉൾപ്പടെ 234390/രൂപ 11-9-2015ലെ 1(8)-ം നമ്പർ തീരുമാനപ്രകാരം ശുചിത്വ മിഷനിലേയ്ക്ക് തിരികെ ഒടുക്കി (2016-17 ൽ). (തിരിച്ചടച്ച തുകയ്ക്ക് ഓഡിറ്റ് തീയതി വരെ ഔദ്യോഗിക കൈപ്പറ്റ് രസീത് ലഭിച്ചിട്ടില്ല.) മാലിന്യ സംസ്കരണം ഒരു വെല്ലുവിളിയായി അവശേഷിക്കെ ഇതിനായി ലഭിച്ച തുക പ്രയോജനപ്പെടുത്താത്ത സ്ഥിതി ആശാസ്യമല്ല.

## 3-4 ടാറിന്റെ നിരക്ക് കമ്പോളവിലയിൽ നിജപ്പെടുത്തിയിട്ടില്ല.

2015-16 വാർഷിക പദ്ധതി- റോഡ് ടാറിംഗ്/അനുബന്ധ പ്രവൃത്തികൾ–കരാറുകാർ, ഗുണഭോക്തൃ സമിതി മുഖേന ഏറ്റെടുത്തിട്ടുണ്ട്. 2014-ലെ ഡെൽഹി ഷെഡ്യൂൾ ഓഫ് റേറ്റ്സ് അടിസ്ഥാനമാക്കിയും ഇതോടൊപ്പം കോസ്റ്റ് ഇൻഡക്സ്സ് അനുവദനീയമായ വർദ്ധനവ് ചേർത്തുമാണ് വിവിധ ഇനങ്ങളുടെ എസ്റ്റിമേറ്റ് നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. ടാറിംഗ് വേലകൾക്ക് ആവശ്യമായ ബിറ്റുമിന് മെട്രിക് ടൺ യൂണിറ്റിന് അനുവദിച്ചിട്ടുള്ള അടിസ്ഥാന നിരക്ക് ചുവടെ ചേർക്കുന്നു.

| | |
|---|---|
| വി.ജി.-30 ഗ്രേഡ് ബിറ്റുമിൻ | 41,000രൂപ |
| വി.ജി.-10ഗ്രേഡ് ബിറ്റുമിൻ | 50,600രൂപ |
| കൺവേയൻസ് | 106.49രൂപ |
| കോസ്റ്റ് ഇൻഡക്സ്സ് | 1.4095രൂപ |

കൊഴുവനാൽ ഗ്രാമ പഞ്ചായത്തിൽ ബിറ്റുമിൻ ആവശ്യമായ ഒട്ടുമിക്ക പ്രവൃത്തികളും വി.ജി.-30 ഗ്രേഡ് ബിറ്റുമിൻ ഉപയോഗിച്ചാണ് നിർവ്വഹിച്ചിട്ടുള്ളത്. അനുവദനീയമായ കോസ്റ്റ് ഇൻഡക്സ് വർദ്ധനവ് ഉൾപ്പടെ എസ്റ്റിമേറ്റിൽ ടി ഘടകത്തിന് കണക്കാക്കിയ നിരക്ക് ചുവടെ ചേർക്കുന്നു.

| | |
|---|---|
| അടിസ്ഥാന നിരക്ക് (ക്യാരേജ് ഉൾപ്പടെ)<br>%w.c. | 41,000 രൂപ<br>410 |
| കോസ്റ്റ് കൺവേയൻസ് ഇൻഡക്സ്സ് പ്രകാരമുള്ള വർദ്ധനവ് | 106.49<br>41516.49x1.4095=<br>58517.49 രൂപ<br>58.52/kg |

എന്നാൽ 2015-16 കാലയളവിൽ പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വളരെ കുറഞ്ഞ നിലവാരത്തിൽ തുടർന്നിരുന്നതിനാൽ ബിറ്റുമിന്റെ കമ്പോള വിലയും വളരെ കുറവായിരുന്നു. കൺവീനർമാർ മുഖേന നടപ്പാക്കിയ മരാമത്ത് പ്രവൃത്തികൾക്ക് കമ്പോള വിലയിൽ നിജപ്പെടുത്താതിരുന്നതിനാൽ ചുവടെ ചേർത്തിരിക്കുന്ന രീതിയിൽ ടാറിന് അധികം തുക ചെലവഴിച്ചിട്ടുണ്ട്.

| പദ്ധതി | ഉപയോഗിച്ച ടാർ | എസ്റ്റിമേറ്റ് പ്രകാരം നൽകിയ നിരക്ക്(വാട്ടർ ചാർജ് ഉൾപ്പെടെ) | നൽകാവുന്നത് (ഇൻവോയ്സ് പ്രകാരം) | അധികം നൽകിയത് |
|---|---|---|---|---|
| പുത്തൻപുര-ചെരിപുറം റോഡ് ടാറിംഗ് | 1243.56 | 41.41 | 37.75 (ഇൻവോയ്സ് നമ്പർ 6300057961/27-11-2015) | 4552 |
| പെരുമരം--പാലപ്പുഴക്കുന്ന് റോഡ് ടാറിംഗ് | 425.49 | 41.41 | 35.93 (ഇൻവോയ്സ് നമ്പർ 6300063611/17-12-15) | 2332 |
| ചൂരനോലിൽ--പഴനിലം റോഡ് ടാറിംഗ് | 583.89 | 41.41 | 37.75 (ഇൻവോയ്സ് നമ്പർ 630057961/ 27-11-2015) | 2137 |
| പുറക്കുന്ന്--മണ്ണാനി റോഡ് ടാറിംഗ് | 397 | 41.41 | 37.50 (ഇൻവോയ്സ് നമ്പർ 6300062025/ 11-12-2015 | 1552 |

കമ്പോളവിലയിൽ നിജപ്പെടുത്താതെ ടാറിന് അധികനിരക്ക് നൽകിയതിന് വിശദീകരണം നൽകേണ്ടതാണെന്ന് സൂചിപ്പിച്ച് 13-ാം നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ ഗുണ.സമിതി മുഖേന നടത്തിയ റോഡ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് പഞ്ചായത്തിൽനിന്നും ടാർ വാങ്ങി നൽകിയിരുന്നില്ലെന്നും, എറണാകുളത്തുനിന്നും ടാർ വാങ്ങി കൊഴുവനാലിൽ എത്തിക്കുന്നതിനുള്ള വാഹനവാടകയും, കയറ്റിറക്കുകൂലിയും കൺവീനർമാർ തന്നെയാണ് വഹിച്ചിട്ടുള്ളതെന്നും, ആകെ ചെലവുകൾ കണക്കാക്കുമ്പോൾ തുക വളരെ അധികരിക്കുമെന്നും അസി.എഞ്ചിനീയർ മറുപടി നൽകിയിരിക്കുന്നു. ടിവിഷയത്തിൽ കൂടുതൽ വിശദീകരണവും, മേൽതലങ്ങളിൽ നിന്നുള്ള സ്പഷ്ടീകരണവും ആവശ്യമാകയാൽ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി പരാമർശം നിലനിർത്തുന്നു.

## 3-5 കന്നുകുട്ടി പരിപാലനം - കാലിത്തീറ്റ വിതരണം ആരംഭിച്ചിട്ടില്ല

വെറ്റിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കന്നുകുട്ടി പരിപാലനം (പ്രോജക്ട്നം. 7/16)എന്ന പ്രോജക്ട് പ്രകാരം 15-16വർഷം 48 കന്നുകുട്ടികൾക്കുള്ള പഞ്ചായത്ത് വിഹിതമായി വികസന ഫണ്ടിൽ നിന്നും 300000 രൂപ Calf feed subsidy programme Director ,Kottayam ത്തിന്റെ പേർക്ക് നല്കിയിട്ടുണ്ട്(DD No.138680/29.3.16). പ്രോജക്ട് പ്രകാരം 48 കന്നുകുട്ടികളെ എൻറോൾ ചെയ്ത് ഫീഡ് നല്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. 3/16 ൽ തുക നല്കിയെങ്കിലും 8/16 ൽ മാത്രമാണ് കന്നുകുട്ടികളെ എൻറോൾ ചെയ്തത് .കൂടാതെ കാലിത്തീറ്റ വിതരണം മിൽമ കേരളമൊട്ടാകെ നിർത്തി വെച്ചിരിക്കുന്ന സാഹചര്യത്തിൽ നാളിതുവരെ കാലിത്തീറ്റ വിതരണം ആരംഭിച്ചിട്ടില്ല. ആയതിനാൽ എൻറോൾ ചെയ്യപ്പെട്ട കന്നുകുട്ടികൾക്ക് ഗ്രോത്ത് ഫീഡ് യഥാസമയം വിതരണം ചെയ്യാൻ സാധിച്ചിട്ടില്ല. കൃത്യമായ സമയത്ത് ഗ്രോത്ത് ഫീഡ് നല്കാതെ കന്നുകുട്ടികൾ വളർന്നതിനു ശേഷം ഗ്രോത്ത് ഫീഡ് നല്കുന്നതു വഴി പ്രോജക്ട് ലക്ഷ്യം കൈവരിക്കുന്നുണ്ടോ എന്നത് വിലയിരുത്തപ്പെടേണ്ടതുണ്ട്. ആയതിനാൽ ഗ്രോത്ത് ഫീഡ് യഥാസമയം നല്കി പദ്ധതി ലക്ഷ്യം കൈവരിക്കേണ്ടതും ചെലവഴിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതുമാണ്.

## 3-6 കന്നുകുട്ടി പരിപാലന പദ്ധതി - ഫീഡ് വിതരണം കൃത്യമായി നടക്കുന്നില്ല

കന്നുകുട്ടി പരിപാലന പദ്ധതിക്കായി 2014-15വർഷം 300000രൂപ കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം ഡയറക്ടർ പേർക്ക് നല്കിയിരുന്നു. ടി പ്രോജക്ടിന്റെ വ്യക്തിഗത നാൾ വഴി(കാഫ് ഫീഡ് വിതരണ രജിസ്റ്റർ) പരിശോധിച്ചതിൽ 7ാം മാസം മുതൽ കാഫ് ഫീഡ് നല്കിയതായി കണ്ടു. 4-ാം മാസം മുതൽ ഫീഡ് വിതരണം ചെയ്യണമെന്നിരിക്കെ ടി രജിസ്റ്റർ പ്രകാരം

ആദ്യത്തെ 3മാസത്തെ ഫീഡ് വിതരണം ചെയ്തിട്ടില്ല. 28മാസത്തേക്ക് ഫീഡ് വിതരണം ചെയ്യേണ്ടതിനു പകരം ആദ്യത്തെ 3 മാസം ഫീഡ് വിതരണം ചെയ്യാതെ തുടർന്നുള്ള മാസങ്ങളിൽ കാലിത്തീറ്റ നല്കിയതിന്റെ കാരണം വ്യക്തമല്ല. 28മാസത്തേയ്ക്കുള്ള ഫീഡിന്റെ വിലയിനത്തിലുള്ള തുക നല്കിയെന്നിരിക്കെ ഇപ്രകാരം 3മാസത്തെ ഫീഡ് നല്കാതിരിക്കുന്ന പക്ഷം 3 മാസത്തെ ഫീഡിന്റെ തുക തിരികെ ഈടാക്കേണ്ടതാണ്, കൂടാതെ 7/16 നുശേഷം ഫീഡ് നല്കിയിട്ടുമില്ല.

2013-14 വർഷം നല്കിയ തുക വിനിയോഗിച്ച് 7/14 മുതൽ തുടങ്ങിയ കാലിത്തീറ്റ വിതരണം 5/16 വരെ മാത്രമേ നല്കിയിട്ടുള്ളൂ. തുടർന്ന് 8മാസം കൂടി ഫീഡ് നല്കേണ്ടതായിട്ടുണ്ട് .ആയത് നല്കാത്തപക്ഷം ടി മാസങ്ങളിലേക്ക് നല്കിയ ഫീഡിന്റെ വിലയും തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്ന എസ്,സി,വദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങൽ -അപാകത

പ്രോജക്ട് നം.73/16

അടങ്കൽ– വികസന ഫണ്ട് - 525000

ചെലവ് - ,, - 524800
(ബിൽ നമ്പർ 2/15-16)
പരസ്യച്ചെലവ് 4800 രൂപ)

നിർവ്വഹണ ഉദ്യോഗസ്ഥ- എച്ച്.എം ,ഗവ.എൽ.പി.എസ്, കൊഴവംകുളം

പ്രൊഫഷൺ കോളേജുകളിൽ പഠിക്കുന്ന എസ്.സി.വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങൽ എന്ന പ്രോജക്ടിൽ 21വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങി നൽകിയിട്ടുണ്ട്. ആയതിനായി കടവിൽ ഇൻഫോടെക്, കോട്ടയം എന്ന സ്ഥാപനത്തിന് 520000 രൂപ നൽകിയിട്ടുമുണ്ട് (DD no.139385/4.4.16). പ്രസ്തുത പ്രോജക്ടിന്റെ നടത്തിപ്പിൽ കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. സ.ഉ (സാ.ധാ.)നം.ത.സ്വ.ഭ.വ.18.3.15 പ്രകാരം പ്രൊഫഷണൽ, പോസ്റ്റ്ഗ്രാഡ്യുവേറ്റ്, കമ്പ്യൂട്ടർ അധിഷ്ഠിത കോഴ്സുകളിലും പോളിടെക്നിക്കുകളിലും പഠിക്കുന്ന പട്ടികജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്കാണ് കമ്പ്യൂട്ടർ /ലാപ് ടോപ്പ് വാങ്ങി നല്കാൻ അനുമതിയുള്ളത്. എന്നാൽ ഡിഗ്രി കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് നല്കിയതായി കാണുന്നു വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര്, അഡ്രസ് | പഠിക്കുന്ന കോഴ്സ് | കോളേജ് |
|---|---|---|---|
| 1 | ഷാബു.കെ.ജി,കയ്യാലക്കുന്ന് ഹൗസ്, കെഴവംകുളം | I yr Bcom | സെന്റ് തോമസ് കോളേജ്, പാലാ |
| 2 | അതുല്യ എ.എസ്, ഇളംപ്ളാക്കൽ,തോടനാൽ | II yr Bcom | NSS Co-operativa ട്രെയിനിംഗ് കോളേജ്, |
| 3 | അനുപമ .കെ.ആർ,കന്നികയിൽ ഹൗസ്, മീനച്ചിൽ | III Yr Botany | അൽഫോൺസാ കോളേജ്, പാലാ |
| 4 | അഖിൽ രാജു, പണിക്കുഴിയിൽഹൗസ്, മീനച്ചിൽ | BA Economics | SVRNSS കോളേജ് ,വാഴൂർ |
| 5 | വിജയൻ.ബി, രാമനാട്ടു ഹൗസ്,കെഴവംകുളം | BA History | സെന്റ് മേരീസ് കോളേജ്, മണർകാട് |

2) നിലവിൽ പഠിച്ചു കൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്കാണ് ലാപ് ടോപ്പ് വാങ്ങി നല്കാൻ അനുമതിയുള്ളത്.എന്നാൽ പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്കും ലാപ് ടോപ്പ് നല്കിയിട്ടുണ്ട്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര്, അഡ്രസ് | പഠിച്ച കോഴ്സ് | പഠിച്ച കാലയളവ് |
|---|---|---|---|
| 1 | ശില്പ.എസ്,ഈട്ടിക്കൽ, മേവട | കമ്പ്യൂട്ടർ സയൻസ് | 2012-15 |

| | | | |
|---|---|---|---|
| 2 | നിഖിൽ.എം.എ,മുണ്ടക്കൽ | എം.എ.മലയാളം | 2013-15 |
| 3 | അരുൺ.കെ.കെ,കക്കാലിൽ | ITI | 2014 |
| 4 | സരത്ത്. കെ.ആർ,കലയത്തോലിൽ | MAമലയാളം | 2013-15 |

പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് പഠനാവശ്യത്തിനുപയോഗിക്കാൻ കഴിയില്ല.പഠനാവശ്യത്തിനല്ലാതെ കമ്പ്യൂട്ടറുകൾ വിതരണം ചെയ്ത നടപടി മാർഗ്ഗരേഖയുടെ ലംഘനമാണ്.

മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് ആവശ്യമാണ് എന്ന് ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപന മേധാവിയിൽ നിന്നും ലഭിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ലാപ്പ് ടോപ്പ് നല്കിയതെന്നും 4 ഗുണഭോക്താക്കളും അപേക്ഷ നല്കുമ്പോൾ വിദ്യാർത്ഥികളായിരുന്നുവെന്നും മറുപടി നല്കി.ഇപ്രകാരം അപേക്ഷാതീയതിയിൽ ഗുണഭോക്താക്കൾ വിദ്യാർത്ഥികൾ ആയിരുന്നുവെങ്കിലും സമയബന്ധിതമായി പ്രോജക്റ്റ് നടപ്പിലാക്കാതിരുന്നതിനാലാണ് വിദ്യാർത്ഥികൾക്ക് പഠനശേഷം മാത്രം ലാപ്ടോപ്പ് ലഭിക്കാനിടയായത്.ആയതിനാൽ പ്രോജക്ടുകൾ സർക്കാർ നിർദേശം പാലിച്ച് സമയബന്ധിതമായി നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.സർക്കാർ നിർദേശത്തിൽ നിന്ന് വ്യതിചലിച്ച് പ്രോജക്റ്റ് നടപ്പാക്കിയതിനാൽ ചെലവഴിച്ച 520000 രൂപ തടസ്സപ്പെടുത്തുന്നു.

## 3-8 <u>മഴക്കാലപൂർവ്വശുചീകരണം-ശുചിത്വമിഷൻ ഗ്രാന്റിന്റെ വിശദമായ വിനിയോഗവിവരം ലഭ്യമല്ല.</u>

മഴക്കാലപൂർവ്വശുചീകരണ പ്രവർത്തനങ്ങൾക്കുള്ള ശുചിത്വമിഷൻ ഗ്രാന്റായി ലഭിച്ച 127000/രൂപ വൗച്ചർ നമ്പർ.21500170/30-5-15 പ്രകാരം പി.എച്ച് സെന്റർ മെഡിക്കൽ ഓഫീസർക്ക് കൈമാറിയിട്ടുണ്ട്.കൊതുകിന്റെ പ്രജനനസ്ഥലംനശിപ്പിക്കൽ,കിണറുകളിൽ ക്ലോറിനേഷൻ നടത്തൽ,ആശാവർക്കർമാർക്ക് പ്രതിഫലം നൽകൽ തുടങ്ങിയ പ്രവർത്തനങ്ങൾക്കായി 12 വാർഡുകളിൽ 10000/രൂപ നിരക്കിലും ഒരു വാർഡിൽ 7000/രൂപ നിരക്കിലുമാണ് തുക അനുവദിച്ചിട്ടുള്ളത്. എന്നാൽ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങളും ഫണ്ട് വിനിയോഗ വിശദാംശങ്ങളും ഗ്രാമ പഞ്ചായത്ത് തലത്തിൽ വിലയിരുത്തിയിട്ടില്ല.വാർഡ്തല ശുചിത്വ കമ്മറ്റികളുടെ പ്രവർത്തനങ്ങളും സാമ്പത്തിക വിനിമയങ്ങളും വിലയിരുത്തിയിട്ടില്ല.ഇത് സംബന്ധമായി ഓഡിറ്റിൽ ആവശ്യപ്പെട്ടതിനെ തുടർന്ന് പൊതുവായ ഒരു വിനിയോഗ സാക്ഷ്യപത്രം മാത്രമാണ് ഹാജരാക്കിയത്.ഇത് പര്യാപ്തമല്ല.വിശദമായ വിനിയോഗവിവരങ്ങളുടേയും രേഖകളുടേയും അഭാവത്തിൽ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-9 <u>ക്ഷേമ പെൻഷൻ -ഗുണഭോക്താക്കൾ ജീവിച്ചിരിക്കുന്നത് സംബന്ധിച്ച വാർഷിക പരിശോധന നടത്തുന്നതിൽ വീഴ്ച്ച.</u>

വിവിധ ക്ഷേമ പെൻഷനുകളുടെ ഗുണഭോക്താക്കൾ ജീവിച്ചിരിക്കുന്നത് സംബന്ധിച്ച വാർഷിക പരിശോധന നടത്തുന്നതിൽ വീഴ്ച്ചയുണ്ടാകുന്നതിനാൽ മരണപ്പെട്ടവരുടെ പെൻഷൻ തുകയിനത്തിൽ 3/15ൽ അനുവദിച്ച വളരെയധികം തുകകൾ 2015 ഏപ്രിൽ മാസം തിരികെ ലഭിച്ചിട്ടുണ്ട്. നിലവിൽ DBT സെൽ മുഖാന്തിരം പെൻഷൻ തുകകൾ ഗുണഭോക്താക്കൾക്ക് നേരിട്ട് കൈമാറുന്നതിനാൽ പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് തുക തിരികെ എത്തുന്നില്ലെങ്കിലും നാഷണൽ ഓൾഡ് ഏജ് പെൻഷൻ റൂളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത് പ്രകാരം മേൽവിവരിച്ച പ്രകാരമുള്ള വാർഷിക പരിശോധന നടത്തി അധികാര സ്ഥാനങ്ങളിലേയ്ക്ക് റിപ്പോർട്ട് നൽകേണ്ടതാണ്. ഇപ്രകാരമുള്ള പരിശോധനയിലൂടെ പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട കാലയളവിന് ശേഷമുള്ള പെൻഷൻ തുകകൾ അനുവദിക്കപ്പെടുന്നതും തിരിച്ച് പിടിക്കുന്നതും കഴിയുന്നത്ര ഒഴിവാക്കാൻ സാധിക്കും.

## 3-10 <u>ആശ്രയ പദ്ധതി -ഒന്നാം ഘട്ട പ്രോജക്റ്റ് - ഫലപ്രദമായി നടപ്പിലാക്കിയിട്ടില്ല</u>

അശരണരും അഗതികളുമായ 45 പേർക്ക് സേവനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി 2013ൽ ആരംഭിച്ച പ്രോജക്റ്റ് നിലവിൽ നിശ്ചലാവസ്ഥയിലാണ്. പ്രസ്തുത പ്രോജക്ടിനായി 27.2.13ൽ 900600രൂപ ചലഞ്ച് ഫണ്ടിനത്തിൽ ലഭിച്ചിരുന്നു ടി തുക ആശ്രയ പദ്ധതിക്കായുള്ള അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. ചലഞ്ച് ഫണ്ട് വിനിയോഗിച്ച് ഗുണഭോക്താക്കൾക്ക് ഭക്ഷണവും മരുന്നും നല്കിയതൊഴിച്ചാൽ യാതൊരു സേവനങ്ങളും നാളിതുവരെ ടി ഗുണഭോക്താക്കൾക്ക് ലഭിച്ചിട്ടില്ല. ഭക്ഷണവും മരുന്നുമാകട്ടെ 7/16വരെ മാത്രമേ നല്കിയിട്ടുമുള്ളു. 2/16 വരെയായിരുന്നു ടി പ്രോജക്ടിന്റെ കാലാവധി. തുടർ പ്രോജക്റ്റ് തയ്യാറാക്കി അംഗീകാരം ലഭിച്ചിട്ടില്ല എന്ന കാരണത്താൽ നിലവിൽ യാതൊരു സേവനങ്ങളും ഗുണഭോക്താക്കൾക്ക് നല്കുന്നില്ല. ലഭിച്ച ചലഞ്ച് ഫണ്ടിൽ പ്രസ്തുത പ്രോജക്റ്റ് പ്രകാരം വകയിരുത്തിയിരുന്ന തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | വകയിരുത്തിയിരുന്ന തുക | ചെലവഴിച്ച തുക | |
|---|---|---|---|
| ആഹാരം | 442800 | 554692 | |

| | | | |
|---|---|---|---|
| ആരോഗ്യം | 232000 | 48877 | |
| പൂരകപോഷകാഹാരം | 154800 | - | |
| വിദ്യാഭ്യാസം | 31000 | 1500 | |
| മെഡിക്കൽ ക്യാമ്പ് | 30000 | - | |
| പ്രോജക്റ്റ് ഡോക്യുമെന്റേഷൻ | 10000 | 10000 | |
| ബാങ്ക് ചാർജ്ജ് | | 80 | |
| | 900600 | 615089 | |
| പലിശ വരവ് | | | 84142 |
| 31.8.16 ൽ ബാലൻസ് | | | 369653 |

369653 രൂപ അക്കൗണ്ടിൽ ബാലൻസ് നില്ക്കെ നിർദ്ധനരും അഗതികളുമായവർക്ക് ഭക്ഷണവും മരുന്നും തുടർപ്രോജക്റ്റ് തയ്യാറാക്കി അംഗീകാരം ലഭിക്കുന്നതുവരെ നല്കാതിരിക്കുന്ന നടപടി തികച്ചും ശോചനീയമാണ്.ആയതിനാൽ ഗുണഭോക്താക്കളുടെ അതിജീവന ആവശ്യങ്ങളായ ഭക്ഷണം മരുന്ന് എന്നിവ മുടക്കം കൂടാതെ ലഭ്യമാക്കാൻ അക്കൗണ്ടിൽ ബാലൻസ് നില്ക്കുന്ന ഫണ്ട് അടിയന്തിരമായി വിനിയോഗിക്കേണ്ടതാണ്. പ്രോജക്റ്റ് പ്രകാരം സ്ഥലം, വീട് എന്നിവ ഗുണഭോക്താക്കൾക്ക് ആവശ്യമായിരുന്നു എങ്കിലും നല്കിയിട്ടില്ല. ആയതിനാൽ തുടർ പ്രോജക്റ്റിനുള്ള സർവ്വേ അടിയന്തിരമായി നടത്തി അംഗീകാരം വാങ്ങി ടി ഗുണഭോക്താക്കളുടെ ഭൗതിക സാഹചര്യങ്ങളും മെച്ചപ്പെടുത്തേണ്ടതാണ്.

രണ്ടാം ഘട്ടപ്രോജക്റ്റ് 2/13ൽ ൽ ആരംഭിച്ചു.ടി പ്രോജക്റ്റ് നിലവിൽ നടന്നു വരുന്നു.

പ്രസ്തുത പ്രോജക്റ്റുകൾ പ്രകാരം നല്കിയ സേവനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ഇനം | ഒന്നാം ഘട്ട പ്രോജക്റ്റ് | രണ്ടാം ഘട്ടപ്രോജക്റ്റ് |
|---|---|---|
| പ്രോജക്റ്റ് പ്രകാരം ആകെ ഗുണഭോക്താക്കൾ | 41 | 43 |
| വീട് വയ്ക്കാൻ സ്ഥലം ആവശ്യമുള്ളവർ | 2 | 0 |
| നാളിതുവരെ ലഭിച്ചവർ | 0 | 0 |
| വീട് ആവശ്യമുള്ളവർ | 6 | 5 |
| നാളിതുവരെ ലഭിച്ചവർ | 0 | 3 |
| വീട് പുനരുദ്ധാരണം ആവശ്യമുള്ളവർ | 24 | 16 |
| നാളിതുവരെ ലഭിച്ചവർ | 10 | 6 |
| കക്കൂസ് ആവശ്യമുള്ളവർ | 10 | 16 |
| നാളിതുവരെ ലഭിച്ചവർ | 2 | 0 |
| കുടി വെള്ളം ആവശ്യമുള്ളവർ | 9 | 14 |
| നാളിതുവരെ ലഭിച്ചവർ | 0 | 0 |

അഗതി കുടുംബങ്ങൾക്ക് വേണ്ടിയുള്ള പരിചരണ സേവനങ്ങളുടെ പാക്കേജിൽ ഉൾപ്പെടുത്തി ഭക്ഷണം, ആരോഗ്യസുരക്ഷ, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ആശ്വാസം നൽകൽ,പെൻഷൻ, പാർപ്പിടം, വിദ്യാഭ്യാസം, സാമൂഹ്യമായ ഒറ്റപ്പെടൽ അവസാനിപ്പിക്കൽ മുതലായവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തി ആശ്രയ പദ്ധതി വിഭാവനം ചെയ്യുന്ന ലക്ഷ്യം കൈവരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| KSEB | കാവുംപടി പുറ്റനാനി റോഡിൽ സ്ട്രീറ്റ് ലൈൻ മാറ്റി സ്ഥാപിക്കൽ | DD.no.69021/16.9.2015 | 65000 | 65000 | 10.10.15 (Lr.no.DB1/16-17/ 32/4.6.16, Asst.engr.,Ele. section, Pala) | - |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഇല്ല

## 4-4 വായ്പ/വായ്പാ തിരിച്ചടവിന്റെ വിവരം.

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./ തീയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | EMS ഭവന വായ്പ | 823/2010 ത.സ്വ.ഭ.വ തീ.11.3.10 | 2300000 | 1070699 | 230000<br>498313<br>-----------<br>728313 | - | 342386 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 275483 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 275483 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 275483 |

(2015-16)വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം, |
|---|---|---|
| തോടനാൽ സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് നം.1351 (Endowment Fund) പലിശ 10%(ദുരിതാശ്വാസനിധിയിലേക്ക് ഓരോ മാസവും വകമാറ്റുന്നു) | 275483 | FD no.19/25.02.2015 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 1999-2000<br>17 (ഘ) | 2001-02<br>5-3 | പണം പിൻവലിച്ചതിൽ ഗുരുതരമായ ക്രമക്കേട് | തീർപ്പാക്കിയിട്ടില്ല |
| 2000-01<br>ഭാഗം1- 4(2) | 2004-05<br>3-5(2) | കെട്ടിട നികുതി, ഡിമാന്റിൽ ചേർത്ത് ഈടാക്കി അടച്ചില്ല. | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പുൾപ്പെടെ) | 37377450.90 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 34544793.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 647000 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം - ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-8 | 127000 | |
| 3-7 | 520000 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം -ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ -ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ -ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവ ശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 1992-93 | നം.എൽ.എഫ്.കെ.പി.2/1177/94/7.7.95 | - |
| 1995-96 | നം.എൽ.എഫ്.കെ.പി.7/343/11/2.4.11 /6.4.11 | 2 |
| 1997-98 (ചെലവ്) | നം.എൽ.എഫ്.കെ.പി 7/721/അദാ./14(1) /26.11.14 | 2 |
| 1998-99 | നം..എൽ.എഫ്.കെ.പി7 /721/അദാ./14(2)/26.11.14 | 10 |
| 1999-2000 | ന.എൽ.എഫ്.കെ.പി7/ 721/അദാ./14(5)/26.11.14 | 4 |
| 2000-01 | നം.എൽ.എഫ്.കെ.പി.7/780/അദാ/14(4) | 16 |
| 2001-02 | നം.എൽ.എഫ്.കെ.പി.7/ 780/14/അദാ/14(3)/26.11.14 | 3 |
| 2002-03 | നം.എൽ.എഫ്.കെ.പി.7/405/15(1)/17.10.15 | 3 |
| 2003-04 | നം.എൽ.എഫ്.കെ.പി.7/405/15(2)/17.10.15 | 2 |
| 1997-98 (വരവ്) | നം.എൽ.എഫ്.കെ.പി.7/344/11/2.4.11 /7.4.11 | - |
| 1998-99 (വരവ്) | നം.എൽ.എഫ്.കെ.പി.7/345/11/2.4.11 /6.4.11 | - |
| 2004-05 | നം.എൽ.എഫ്.കെ.പി.11/137/2009/24.2.11 | 17 |
| 2005-06 | നം.എൽ.എഫ്.കെ.പി.7/1295/11/3.8.12 | 10 |
| 2006-07 | നം.എൽ.എഫ്.കെ.പി.7/1295/11/19.9.12 | 9 |
| 2007-08 | നം.എൽ.എഫ്.കെ.പി.7/652/13/13.6.13 | 10 |
| 2008-09 | നം.എൽ.എഫ്.കെ.പി.7/652/13/13.6.13 | 2 |
| 2009-10 | നം.എൽ.എഫ്.കെ.പി.7/652/13/13.6.13 | 8 |
| 2010-11 | നം.എൽ.എഫ്.കെ.പി.7/652/13/15.6.13 | 5 |
| 2011-12 | നം.എൽ.എഫ്.കെ.പി.7/1480/13/15.11.13 | - |
| 2012-13 | നം.എൽ.എഫ്.കെ.പി.7/601/15/30.9.15 | 11 |

| | | |
|---|---|---|
| 2013-14, 14-15 | കെ.എസ്.എ.കെ.ടി.എം.പി7/301/16/4.5.16 | |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## <u>അനുബന്ധം **1**</u>

### <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994 ലെ കേരളാപഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ച് പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊഴുവനാൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 2-1ൽ വിശദീകരിയ്ക്കുന്ന അപാകതകൾ ഒഴിച്ചാൽ എന്റെ അഭിപ്രായത്തിൽ വാർഷികധനകാര്യപത്രിക കൊഴുവനാൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വരവ്-ചെലവുകണക്കുളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു. ഇത് തയ്യാറാക്കിയത് 1994 ലെ കേരളാപഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും 2011 കേരളാ പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങളും അനുസരിച്ചാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല ഓഡിറ്റ് കാര്യാലയം, കോട്ടയം